നമ്പർ. ഇ4-16612/12.

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 6-6-2012

## പരിപത്രം

വിഷയം:- സാമൂഹ്യക്ഷേമ വകുപ്പ് - ജീവനക്കാര്യം - അധികാര വികേന്ദ്രീകരണം - മിനിസ്റ്റീരിയൽ ജീവനക്കാരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സർക്കാർ ഉത്തരവ് (കൈ.) നം. 36/2010 ത.സ്വ.ഭ.വ. തിയതി: 1-3-2010.

2. സർക്കാർ കത്ത് നം. 26775/ഇ.എ.ആർ.1/12 ത.സ്വ.ഭ.വ. തിയതി: 5-5-12.

സാമൂഹ്യക്ഷേമ വകുപ്പിലെ 55 മിനിസ്റ്റീരിയൽ ജീവനക്കാരെ സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുകയുണ്ടായി. ഇപ്രകാരം നിയമിക്കപ്പെട്ട ജീവനക്കാർ പുനർവിന്യാസത്തിൽ 2 വർഷം പൂർത്തിയാക്കിയ സാഹചര്യത്തിൽ ഇവർക്ക് പകരം നിയമിക്കേണ്ട ജീവനക്കാരുടെയും, നിലവിൽ പുനർവിന്യാസത്തിൽ തുടരാൻ ആഗ്രഹിക്കുന്ന ജീവനക്കാരുടെയും ലിസ്റ്റ് അടിയന്തിരമായി സമർപ്പിക്കുന്നതിന് സൂചന രണ്ടിലെ സർക്കാർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ പുനർവിന്യാസത്തിന് വിധേയമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിന് താൽപര്യമുള്ള ജീവനക്കാരുടെയും നിലവിൽ പുനർവിന്യാസത്തിൽ തുടരാൻ ആഗ്രഹിക്കുന്നതുമായ മിനിസ്റ്റീരിയൽ ജീവനക്കാരുടെയും വിവരങ്ങൾ അഞ്ച് ദിവസത്തിനകം ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്. നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യക്ഷേമ ഡയറക്ടർക്കു വേണ്ടി.

എല്ലാം കാര്യാലയ മേധാവികൾക്കും

സി.വി.